# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 - 26

ഗവ. നോർത്ത് എൽ. പി. എസ്

പെരുമ്പളം

ഗവ.നോർത്ത് എൽ.പി
സ്കൂൾ പെരുമ്പളം



# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 - 2026

# ആമുഖം

ആലപ്പുഴ ജില്ലയിലുൾപ്പെട്ട പെരുമ്പളം ദ്വീപിൽ വടക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന പെരുമ്പളം ഗവ. നോർത്ത് എൽ.പി. എസ് എന്ന ഈ കൊച്ചു വിദ്യാലയത്തിൽ പഠിക്കുന്ന ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുകയും ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഭൗതികവും അക്കാദമികവുമായ മികവിലേയ്ക്ക് സാമൂഹിക പിന്തുണയോടെ കരുത്തോടെ മുന്നേറാനാണ് ഈ വിദ്യാലയം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതിനുതകുന്ന പ്രവർത്തന പദ്ധതികളാണ് ഏറ്റെടുത്തു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ അവകാശ നിയമം (2009) മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളിലൂന്നിയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

* വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് എല്ലാ കുട്ടികളും തന്റെ പ്രായത്തിനനുസരിച്ച് വിദ്യാഭ്യാസം നേടണം.
* എല്ലാ കുട്ടികളെയും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നു. തുല്യ അവസരങ്ങൾ ഉറപ്പാക്കുന്നു.
* നിർഭയമായും സ്വതന്ത്രമായും ഇടപെടാനുള്ള അവസരം ഒരുക്കുന്നു.
* തീരുമാനമെടുക്കാനും ജീവിത നൈപുണി നേടുന്നതിനും വൈകാരിക വളർച്ച നേടാനും കുട്ടികളെ പ്രാപ്തരാക്കുന്നു.
* ലഹരി വിമുക്തമായ ഒരു സ്കൂൾ അന്തരീക്ഷം ഉറപ്പാക്കുന്നു.
* സുരക്ഷിതത്വം ഉറപ്പാക്കുന്നു.
* കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കുകയും കർത്തവ്യങ്ങളെ കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്യുന്നു.
* ഭരണഘടന അനുശാസിക്കുന്ന ജനാധിപത്യമൂല്യങ്ങൾ, പാരിസ്ഥിതികാവബോധം ഇവ ഉറപ്പാക്കുന്ന തരത്തിലുള്ള പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുന്നു.

# വിദ്യാലയ ചരിത്രം

1961 ജൂൺ 15 നാണ് ഗവ. നോർത്ത് എൽ പി സ്കൂൾ എന്ന പേരിലറിയപ്പെടുന്ന ഈ വിദ്യാലയം സ്ഥാപിതമായത്. പെരുമ്പളം ദ്വീപിന്റെ വടക്കുഭാഗത്ത്, പനന്തുകാട് എന്നറിയപ്പെടുന്ന ദേശത്ത് പ്രസിദ്ധമായ ശ്രീ ദുർഗാദേവി ക്ഷേത്രത്തിനോട് ചേർന്ന് 70 സെന്റ് സ്ഥലത്താണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. വൃത്തിയുള്ളതും ശാന്തവുമായ സ്കൂൾ അന്തരീക്ഷം, കുട്ടികൾക്കും രക്ഷിതാക്കൾക്കുമായുള്ള ലൈബ്രറി സൗകര്യങ്ങൾ, ICT സാധ്യതയുറപ്പാക്കുന്ന ഡിജിറ്റൽ ഉപകരണങ്ങൾ, വളരെ ആകർഷകമായ കിഡ്സ്പാർക്ക്, ജൈവവൈവിധ്യോദ്യാനം എന്നിങ്ങനെ കുട്ടികളുടെ അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ എല്ലാ സൗകര്യങ്ങളും ഈ വിദ്യാലയത്തിലൊരുക്കിയിട്ടുണ്ട്. പ്രീപ്രൈമറി മുതൽ നാലാം ക്ലാസുവരെ പ്രവർത്തിക്കുന്ന ഈ വിദ്യാലയം വളർച്ചയുടെ പാതയിലാണ്.

## School Profile

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ. നോർത്ത് എൽ.പി. സ്കൂൾ പെരുമ്പളം |
| സ്ഥാപിതം | : 1961 ജൂൺ 15 |
| സ്കൂൾ കോഡ് | : 34314 |
| UDAISE Code | : 32111000201 |
| പഞ്ചായത്ത് | : പെരുമ്പളം ഗ്രാമപഞ്ചായത്ത് |
| വാർഡ് | : 2 |
| വില്ലേജ് | : പെരുമ്പളം |
| പോസ്റ്റോഫീസ് | : പെരുമ്പളം |
| പിൻകോഡ് | : 688570 |
| ജില്ല | : ആലപ്പുഴ |
| വിദ്യാഭ്യാസ ജില്ല | : ചേർത്തല |
| സബ് ജില്ല | : തുറവൂർ |
| ബ്ലോക്ക് | : തൈക്കാട്ടുശ്ശേരി |
| നിയോജക മണ്ഡലം | : അരൂർ |
| പ്രഥമാധ്യാപിക | : ലിൻസമ്മ പി. ജെ |
| SMC ചെയർമാൻ | : കെ. ആർ. രാജേഷ് |
| വാർഡ് മെമ്പർ | : പി. സി. ജബീഷ് |
| പഞ്ചായത്ത് പ്രസിഡന്റ് | : അഡ്വ. വി. വി. ആശ |
| വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | : ശ്രീമതി. സരിത സുജി. |

# മികവിന്റെ കാഴ്ചപ്പാട്

* കുട്ടികൾക്ക് പഠനത്തിനനുയോജ്യമായ ഭൗതിക സൗകര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും സമൂഹത്തിന്റെയും മറ്റ് ഏജൻസികളുടെയും സഹായത്തോടെ ലഭ്യമാക്കാൻ വേണ്ട പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നു.
* 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിൽ ഏർപ്പെടും വിധം അക്കാദമിക, ഭൗതിക, പാരിസ്ഥിതിക തലങ്ങളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ വർഷം മുഴുവൻ നടക്കുന്നു.
* പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങൾ, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ അന്താരാഷ്ട്ര നിലവാരത്തിനൊത്ത് ആർജ്ജിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* പഠനബോധന പ്രവർത്തനങ്ങൾ ആഹ്ലാദകരമാക്കുന്നതിനും അനായാസമാക്കുന്നതിനുമായി ICT സാധ്യതകൾ പരമാവധി സംജാതമാക്കുന്നു.
*
* ഭിന്നശേഷി സൗഹൃദ വിദ്യാലയം ഉറപ്പാക്കുന്നു.
* കുട്ടികളുടെ കലാപരവും കായികവുമായ വളർച്ചയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് മികച്ച പ്രവർത്തന പദ്ധതികളാണ് ഈ വിദ്യാലയത്തിൽ നടപ്പിലാക്കുന്നത്.
* കലാ, കായിക മേളകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

## അക്കാദമികം

കുട്ടിയെ അറിയുക, പഠനശേഷി അളക്കുക എന്നീ ലക്ഷ്യത്തോടു കൂടി ആദ്യവാരം തന്നെ പ്രീടെസ്റ്റ് നടത്തുകയും ക്ലാസ് പി.ടി.എ. വിളിച്ച് കുട്ടികളുടെ പഠനനിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. പഠനവിടവുകളും പോരായ്മകളും കണ്ടെത്തി പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പഠനതന്ത്രങ്ങളും പ്രത്യേക പ്രവർത്തന പദ്ധതികളും അധ്യാപകർ തയ്യാറാക്കുകയും അധികസമയം കണ്ടെത്തി നടപ്പിലാക്കുകയും ചെയ്യുന്നു.

ഭിന്നശേഷിക്കാരായ കുട്ടികൾക്കും പിന്നാക്കം നിൽക്കുന്നവർക്കും പ്രതിഭാശാലികളായ കുട്ടികൾക്കും പ്രത്യേക പരിശീലനങ്ങൾ നൽകുന്നു. പഠനപ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള അറിവുകളും വിശദീകരണങ്ങളും അതാത് ക്ലാസ് ഗ്രൂപ്പുകളിലൂടെ അധ്യാപകർ നൽകുന്നു. അങ്ങനെ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു. തുടക്കം മുതൽ തന്നെ LSS പരിശീലനവും നൽകുന്നു.

ആഴ്ചയിലൊരിക്കൽ SRG കൂടി പഠനപ്രവർത്തനങ്ങൾ വിലയിരുത്തുകയും ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. സ്കൂൾ അസംബ്ലി, ദിനാചരണ പ്രവർത്തനങ്ങൾ എന്നിവ കൃത്യമായി പ്ലാൻ ചെയ്ത് നടത്തുന്നു. കുട്ടികളുടെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുടെ മികവുകൾ തെളിയിക്കുന്നതിനും പൊതു സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനുമായി പഠനോത്സവം, കോർണർ പി.ടി.എ, ക്ലാസ് പി.ടി.എ എന്നീ വേദികൾ പ്രയോജനപ്പെടുത്തുന്നു. ആരോഗ്യ കായിക വിദ്യാഭ്യാസത്തിനായി Physical PT പീരിയഡ് പ്രയോജനപ്പെടുത്തുന്നു.

## പാരിസ്ഥിതികം

പരിസ്ഥിതിയുമായി ഇണങ്ങിച്ചേർന്ന് പഠിക്കുന്നതിനും ഈ വിദ്യാലയം കൂടുതൽ പ്രാധാന്യം നൽകുന്നു. കാര്യങ്ങൾ നേരിട്ട് കണ്ടും കേട്ടും അനുഭവിച്ചും സ്വായത്തമാക്കുവാൻ പ്രകൃതി നടത്തത്തിന് ഊന്നൽ നൽകുന്നു. ജൈവവൈവിധ്യോദ്യാനം, അടുക്കളത്തോട്ടം, പൂന്തോട്ടം, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവയെല്ലാം പരമാവധി ഉപയോഗപ്പെടുത്തുകയും പരിസ്ഥിതിയുമായി ഇണങ്ങിജീവിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

പ്ലാസ്റ്റിക് രഹിത വിദ്യാലയമായി വിദ്യാലയത്തെ പ്രഖ്യാപിക്കുകയും പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ വിദ്യാലയവും ക്ലാസ് മുറികളും പരിസരവും പ്ലാസ്റ്റിക് രഹിതമാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു. പ്ലാസ്റ്റിക് കവറുകൾ മിഠായി പോലുള്ള സാധനങ്ങൾ സ്കൂളിൽ നിന്നും ഒഴിവാക്കാൻ കുട്ടികൾക്ക് നിർദ്ദേശം നൽകുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. എല്ലാ വെള്ളിയാഴ്ചകളിലും ഡ്രൈഡേ ആചരിക്കുന്നു.

## സാമൂഹികം

കുട്ടികളുടെ വീട്ടു സാഹചര്യം മനസ്സിലാക്കുന്നതിനായി എല്ലാവർഷവും പുതുവർഷത്തോടനുബന്ധിച്ച് HM ഉൾപ്പെടെ എല്ലാ അധ്യാപകരും ചേർന്ന് ഈ വിദ്യാലയത്തിൽ പഠിക്കുന്ന എല്ലാ കുട്ടികളുടെയും വീട് സന്ദർശിക്കുകയും ആശംസ അറിയിക്കുകയും സമ്മാനങ്ങൾ കൈമാറുകയും ചെയ്തുവരുന്നു. ഓണാഘോഷം, ക്രിസ്തുമസ് ആഘോഷം, സ്കൂൾവാർഷികം തുടങ്ങിയ ആഘോഷ പരിപാടികളിലും പഠനോത്സവം, കോർണർ പിടിഎ എന്നിവയിലും സാമൂഹിക പിന്തുണ ഉറപ്പാക്കുന്നു.

# ജൂൺ 3 മുതൽ 13 വരെയുള്ള പ്രവർത്തനങ്ങൾ

Std I : ഒന്നൊരുക്കം പ്രവർത്തനങ്ങൾ

Std 2 മുതൽ 4 വരെ ക്ലാസുകളിലെ പ്രവർത്തനങ്ങൾ

ജൂൺ 3 : ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ ബോധവത്കരണം, ICT ഉപയോഗിച്ച് skit

ജൂൺ 4 : റോഡ് നിയമങ്ങൾ - സ്കൂൾ യാത്രയിൽ പാലിക്കേണ്ടവ, സിഗ്നൽ പരിചയപ്പെടുത്തൽ, സീബ്രാലൈൻ തുടങ്ങിയവ പരിചയപ്പെടുത്തൽ അപകടസാധ്യതകൾ - ചർച്ച

ജൂൺ 5 : വ്യക്തിശുചിത്വം, മാലിന്യസംസ്കരണം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവത്കരണം, പരിസ്ഥിതി ദിന പ്രവർത്തനങ്ങൾ, ബോധവത്കരണ ക്ലാസ് - Dr. Adarsh (Sidha Vydyasala) പോസ്റ്റർ രചന, പ്രദർശനം.

ജൂൺ 9 : ആരോഗ്യം, വ്യായാമം, കായികക്ഷമത, ആഹാരശീലം - സുംബാ ഡാൻസ്, ലഘു വ്യായാമങ്ങൾ

ജൂൺ 10 : മൊബൈൽ ഫോൺ, ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം - ബോധവത്കരണം

ജൂൺ 11 : പൊതുമുതൽ സംരക്ഷണം, നിയമബോധം കാലാവസ്ഥ മുൻകരുതൽ - ചർച്ച, ബോധവത്കരണം.

ജൂൺ 13 : പൊതുവായ ക്രോഡീകരണം.

# മലയാളം

| ലക്ഷ്യങ്ങൾ :- | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * 1 മുതൽ 4 വരെ ക്ലാസുകളിലെ എല്ലാ കുട്ടികളും നിർദിഷ്ട പഠനലക്ഷ്യങ്ങൾ ആർജിക്കുന്നു. | ടീച്ചർ ടെക്സ്റ്റ്, പാഠപുസ്തകം, വർക്ക്ബുക്ക് തുടങ്ങിയവയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ | ജൂൺ മൂന്നാം വാരം മുതൽ മാർച്ച് വരെ. | ക്ലാസ് അധ്യാപകർ |
| * എല്ലാ കുട്ടികളും മലയാളം തെറ്റുകൂടാതെ എഴുതുകയും വായിക്കുകയും ചെയ്യുന്നു. | • പ്രീടെസ്റ്റ്<br>• കുട്ടികളുടെ നിലവാരം അളക്കൽ<br>• CPTA യിൽ കുട്ടികളുടെ നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ<br>• പിന്നോക്കക്കാർക്ക് അധികസമയം കണ്ടെത്തിയുള്ള പ്രത്യേക പരിശീലനം (ഉണർവ്)<br>• മുന്നോക്കക്കാർക്ക് അധികവായനാസാമഗ്രികൾ നൽകൽ<br>• കഥ, കവിത, വിവരണം, സംഭാഷണം എന്നിവ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസധ്യാപകർ |
| എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുന്നു. | * വായനദിനാചരണം.<br>* ക്ലാസ് ലൈബ്രറി<br>* ലൈബ്രറി പുസ്തക വായന<br>* പാഠപുസ്തകവായന<br>* വായനാക്കുറിപ്പ്<br>* ചോദ്യങ്ങൾ വായിച്ച് സ്വയം ഉത്തരം കണ്ടെത്തി എഴുതൽ<br>* കവിത വായിച്ച് ആശയം പറയൽ, എഴുതൽ<br>* ഇഷ്ടപ്പെട്ട വരികൾ കണ്ടെത്തൽ<br>* ചോദ്യനിർമ്മാണം | ജൂൺ - മാർച്ച് | ക്ലാസധ്യാപകർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| • സർഗാത്മക രചനകൾക്ക് അവസരം ഒരുക്കുന്നു. | കഥ പൂർത്തിയാക്കൽ<br>വരികൾ കൂട്ടിച്ചേർക്കൽ<br>കഥാചിത്രം വരയ്ക്കൽ<br>ആശംസാ കാർഡ് നിർമ്മാണം<br>കവിതയ്ക്ക് ഈണം നൽകൽ<br>കടങ്കഥാ നിർമ്മാണം<br>സംഭാഷണം എഴുതൽ<br>ഡയറിയെഴുത്ത്<br>ചിത്രരചന<br>ആത്മകഥ<br>ചിത്രം നോക്കി കഥ പറയൽ<br>യാത്രാവിവരണം | ജൂലൈ - മാർച്ച് | ക്ലാസ് അധ്യാപകർ |
| • കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളുടെ വേദി ഒരുക്കുന്നു. | സ്കൂൾ അസംബ്ലി<br>ദിനാചരണ പ്രവർത്തനങ്ങൾ<br>പഠനോത്സവം<br>സ്കൂൾതല കലോത്സവം<br>കോർണർ പിറ്റിഎ<br>ക്ലാസ് പിറ്റിഎ | ജൂൺ - മാർച്ച് | HM<br>ക്ലാസധ്യാപകർ<br>SMC<br>MPTA |

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിതപഠനം ഉല്ലാസപ്രദവും രസകരവുമാക്കുക | ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ<br>ഗണിതവിജയം പ്രവർത്തനങ്ങൾ<br>സംഖ്യാ കേളികൾ<br>ഗണിതപ്പാട്ടുകൾ<br>ഗണിതകിറ്റ് [illegible], ഗണിതമേള | ജൂൺ - മാർച്ച് | അധ്യാപകർ |
| • എല്ലാ കുട്ടികൾക്കും നിർദ്ദേശിച്ച ഗണിതശേഷികൾ ഉറപ്പാക്കുക | ടീച്ചർ ടെക്സ്റ്റ്, പാഠപുസ്തകം, വർക്ക്ബുക്ക് തുടങ്ങിയവയിലെ പ്രവർത്തനങ്ങൾ. | ജൂൺ - മാർച്ച് | അധ്യാപകർ |
| • സംഖ്യാബോധം, ചതുഷ്ക്രിയകൾ ഇവ ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുക | എണ്ണിയെടുക്കൽ<br>എണ്ണി എഴുതൽ<br>പാറ്റേൺ നിർമ്മാണം<br>കൂട്ടങ്ങളാക്കൽ<br>വരച്ചു യോജിപ്പിക്കൽ<br>വിട്ടുപോയ സംഖ്യകൾ കണ്ടെത്തി എഴുതൽ<br>പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | ജൂൺ - മാർച്ച് | അധ്യാപകർ |

# പരിസര പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| • കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുക | ടീച്ചർ ടെക്സ്റ്റ്, പാഠപുസ്തകം, വർക്ക്ബുക്ക് എന്നിവയിലെ നിർദ്ദിഷ്ട പ്രവർത്തനങ്ങൾ<br>സ്കൂൾ ശാസ്ത്രമേള<br>ബോധവൽക്കരണ ക്ലാസുകൾ | ജൂൺ - മാർച്ച് | അധ്യാപകർ<br>HM |
| • പ്രകൃതിവിഭവ സംരക്ഷണം | ഫീൽഡ് ട്രിപ്പ്<br>പരിസ്ഥിതിദിനാചരണ പ്രവർത്തനങ്ങൾ<br>പ്രകൃതിനടത്തം<br>ജൈവവൈവിധ്യ ദിനാചരണം<br>പ്ലാസ്റ്റിക് രഹിത വിദ്യാലയം.<br>സ്കൂൾ പച്ചക്കറിത്തോട്ടം<br>പൂന്തോട്ട നിർമ്മാണം<br>ഔഷധത്തോട്ടം<br>മാലിന്യങ്ങൾ തരം തിരിച്ച് നിക്ഷേപിക്കൽ<br>പോസ്റ്റർ നിർമ്മാണം<br>ചർച്ചയിൽ പങ്കെടുക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ |
| • ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ. | ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>അനുഭവങ്ങൾ പങ്കിടൽ<br>നിരീക്ഷണങ്ങൾ പങ്കുവയ്ക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ |
| • നിരീക്ഷണം, അറിവുനിർമ്മാണം | പ്രകൃതിനടത്തം<br>ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>നിരീക്ഷിച്ച് കാര്യങ്ങൾ അപഗ്രഥിച്ച് നിഗമനത്തിലെത്തൽ.<br>നിരീക്ഷണക്കുറിപ്പ് | ജൂൺ - മാർച്ച് | അധ്യാപകർ |

# ENGLISH

| Aim | Activities | Period | Duty |
|---|---|---|---|
| To speak, read, and write English without any mistakes | Activities given in the teacher text, Textbook and workbook | June - March | class Teachers |
| To develop listening skills and reading skills | Teacher talk<br>English Assembly<br>News paper reading<br>Library books reading<br>Hello English Activities<br>Role play, skit,<br>word card, Games<br>Sentence card,<br>E cube English Activities<br>picture reading<br>Readers theatre | June - March | class teachers |
| To develop speaking skills | English Assembly<br>Role play<br>Interview with English Experts<br>picture discription<br>Conversation,<br>Story telling,<br>English fest<br>E cube English activities | June - March | HM<br>Class teachers |
| To check the vocabulary and develop writing skills | Making magazines<br>Add more lines<br>Description<br>Thoughts<br>conversations<br>Riddles | June - March | class teachers |

# സങ്കലിത വിദ്യാഭ്യാസം

## I am not disabled but I am differently abled

## ലക്ഷ്യങ്ങൾ

* ഭിന്നശേഷിക്കാരെ തുല്യതയോടെ കാണുന്നു.
* സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നു.
* സമൂഹത്തിന്റെ അവിഭാജ്യ ഘടകമാണെന്ന ബോധ്യം നിലനിർത്തുന്നു.
* പ്രതിസന്ധികൾ മറികടക്കാനുള്ള ആർജ്ജവത്വം, ആത്മവിശ്വാസം നൽകുന്നു.
* ആത്മാഭിമാനം വളർത്തുന്നു.

## പ്രവർത്തനങ്ങൾ

* പിന്തുണാബുക്ക്
* ടീച്ചർ ടെക്സ്റ്റ്, പാഠപുസ്തകം തുടങ്ങിയവയിലെ ആശയങ്ങൾ മനസ്സിലാക്കാനാകുന്ന തരത്തിൽ ലഘൂകരിച്ച് നൽകുന്നു.
* ഭിന്നശേഷിക്കാർക്കുടെ നിലവാരത്തിനനുയോജിച്ച് അനുരൂപീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നൽകുന്നു. (ചിത്രവായന, കഥ പറയൽ etc.)
* സ്കൂൾ അസംബ്ലിയിൽ പങ്കാളിത്തം ഉറപ്പാക്കുന്നു.
* സംഘ പ്രവർത്തനത്തിൽ പങ്കാളിയാക്കുന്നു.
* കല, കായികം, സർഗാത്മകത വളർത്താനാകുന്ന പ്രവർത്തനങ്ങൾ നൽകുന്നു.
* സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കുന്നതിന് വേദിയൊരുക്കുന്നു. (CPTA, സ്കൂൾ വാർഷികം, പഠനോത്സവം, etc.)

# നേടിയ വികസന പ്രവർത്തനങ്ങളും പിന്തുണ/സഹായം നൽകിയവരും

| | |
|---|---|
| * അടുക്കള നവീകരണം, വർക്കേരിയ നിർമ്മാണം, കിണറിന് കമ്പിവല, പ്രീപ്രൈമറിക്ക് ഡെസ്ക്കും ബഞ്ചും, വൈറ്റ് ബോർഡുകൾ, സ്വിച്ച് സ്റ്റാന്റ്, വാട്ടർപ്യൂരിഫയർ, Soak pit, ലൈബ്രറി പുസ്തകങ്ങളും എല്ലാ ക്ലാസ്സ്റൂമിലും അലമാരയും, എല്ലാ ക്ലാസ്സ്റൂമിലും waste bin | ഗ്രാമപഞ്ചായത്ത്, പൊതുജനങ്ങളും |
| * Rewiring, ഡൈനിംഗ് ഹാൾ സീലിംഗ്, എല്ലാ ക്ലാസ്സ് മുറികളിലും വാൾഫാനും LED light ഉം, സ്കൂൾ മുറ്റം ടൈൽ വിരിക്കൽ, ആകർഷകമായ കിഡ്സ് പാർക്ക് | Mr. JAMES BAIRD Chairman, WFB BAIRD Company limited & Burgoyne House. |
| * സ്കൂൾ കെട്ടിടങ്ങൾക്ക് ടൈൽ വിരിക്കൽ, സീലിംഗ്, പ്രധാന കെട്ടിടത്തിന്റെ മേൽക്കൂര നവീകരണം, ലാപ്ടോപ്പുകൾ, Interactive TV | Rotary club of Cochin |
| * ചുറ്റുമതിൽ നവീകരണം, Truss work, പ്രീപ്രൈമറിക്ക് TV, Portable Trolley speaker, TAB, ലൈബ്രറി പുസ്തകങ്ങൾ, വിവിധ ഫണ്ടുകൾ. | SSA & SSK |
| * Water purifier, Collectors for paper, Plastic bottle etc. | Block Panchayath Thycattussery |
| * Solar Panals | - ICICI Foundation |

# നേടേണ്ട വികസന പ്രവർത്തനങ്ങൾ

* സൗണ്ട് സിസ്റ്റം
* ഉപ കെട്ടിടത്തിന്റെ മേൽക്കൂര നവീകരിച്ച് സീലിംഗ് നടത്തൽ
* കിഡ്സ് പാർക്കിനു ചുറ്റും ഗ്രിൽസ് സ്ഥാപിക്കൽ
* CCTV ക്യാമറ സ്ഥാപിക്കൽ
* അടുക്കളയിലേക്ക് ഫ്രിഡ്ജ്
* LED Street light (സ്കൂൾ കോമ്പൗണ്ടിനു ചുറ്റും)
* സ്കൂൾ കെട്ടിടത്തിനും ചുറ്റുമതിലിനും ആകർഷകമായ ചിത്രങ്ങളോടുകൂടിയ പെയിന്റിംഗ്
* സ്കൂൾ വരാന്തയിൽ മഴവെള്ളം തെറിച്ചു വീഴാതിരിക്കാൻ സംവിധാനം
* മഴവെള്ള സംഭരണി പ്രവർത്തനക്ഷമമാക്കൽ
* പൂച്ചെടികളും വയ്ക്കാനുള്ള സ്റ്റാന്റും
* Girls urinal & Toilet നവീകരണം
* കളിയുപകരണങ്ങൾ ലഭ്യമാക്കൽ (ഷട്ടിൽ ബാറ്റ്, സ്കിപ്പിംഗ് റോപ്പ് etc.)